വീക്ഷണവിശേഷം

# ഭീകരവാദവും ഇസ്‌ലാമോഫോബിയയും

ഡോ. ശരത് മണ്ണൂർ

**സാമൂഹിക** ശാസ്ത്രജ്ഞന്മാർക്കിടയിൽ അടുത്തകാലത്തായി പ്രചാരംനേടിയ ഒരു പദമാണ് ഇസ്‌ലാമോഫോബിയ. മുസ്‌ലിംകളോടും ഇസ്‌ലാംമതത്തോടും പാശ്ചാത്യലോകം വെച്ചുപുലർത്തുന്ന വെറുപ്പും വിദ്വേഷവുമാണ് ഈ പദം കൊണ്ട് അർഥമാക്കുന്നത്. എന്നാൽ പാശ്ചാത്യലോകത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല ഇസ്‌ലാമോഫോബിയ. ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാഷ്ട്രങ്ങളിലും ഈയൊരു മനോഭാവം അതിന്റെ എല്ലാ തീക്ഷ്ണതയോടുകൂടി വളർന്നുവരുന്നുവെന്നതാണ് വസ്തുത. ഇതര മതവിഭാഗങ്ങൾ മാത്രമല്ല ഭരണകൂടങ്ങളും ഇസ്‌ലാം വിദ്വേഷം വളർത്തിയെടുക്കുന്നതിൽ ജാഗരൂകമാണെന്ന കാര്യം പല സമീപകാല സംഭവങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബോളീവുഡ്ഡിലെ സിനിമാ പ്രവർത്തകർക്കുണ്ടായ ദുരനുഭവം ഈ വിഷയത്തിലെ ഏറ്റവും പുതിയ ഉദാഹരണമായി കാണാം.

ഹിന്ദിയിലെ പ്രശസ്തനായ സംവിധായകൻ കരൻജോഹറിന്റെ ഷൂട്ടിംഗ് യൂനിറ്റിലെ ആറ് മുസ്‌ലിം അംഗങ്ങളാണ് ഇസ്‌ലാമോഫോബിയ ബാധിച്ച ഭരണകൂടങ്ങളുടെ അപമാനത്തിന് ഇരയായി ത്തീർന്നത്. കരൻജോഹറിന്റെ പുതിയ സിനിമയായ 'മൈ നയിം ഈസ് ഖാൻ' ചിത്രീകരിക്കുന്നതിന് അമേരിക്കയിലേക്ക് പുറപ്പെടാനൊരുങ്ങിയ സംഘത്തിലെ ആറു പേർക്ക് ആ രാജ്യം വിസ നിഷേധിക്കുകയായിരുന്നു. അതിനുള്ള കാരണം വ്യക്തമാക്കാൻ അവർ തയാറായില്ലെങ്കിലും അത് പകൽപോലെ സത്യമാണ്. വിസ നിഷേധിക്കപ്പെട്ടവർ മുസ്‌ലിംകളാണെന്നതാണ് യഥാർഥകാരണം. ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മുടെ പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനത്തിൽനിന്നും ഒരു പത്രാധിപരെ ഒഴിവാക്കിയ സംഭവവും ഇതോടൊപ്പം ചേർന്നു വായിക്കേണ്ടതാണ്. ഇന്ത്യയിലെ പ്രമുഖനായ പത്രാധിപർ ഹൈദർ ഹുസൈനും അമേരിക്ക വിസ നിഷേധിച്ചത് മുസ്‌ലിമാണെന്ന ഒരൊറ്റ കാരണത്താലായിരുന്നു. ഒരു മതേതര രാഷ്ട്രമായ ഇന്ത്യയുടെ ഭരണഘടനയെയും ഇതുവഴി കോടിക്കണക്കിന് ഇന്ത്യക്കാരെയുമാണ് ഈ രണ്ടു പ്രവൃത്തികളിലൂടെ അമേരിക്ക ക്രൂരമായി അവഹേളിച്ചിരിക്കുന്നത്. പക്ഷേ നമ്മുടെ ഭരണകർത്താക്കൾ തികഞ്ഞ ലാഘവബുദ്ധിയോടെയാണ് ഈ സംഭവങ്ങളെ കണ്ടത്. അമേരിക്കൻ അധികൃതരുടെ ന്യായീകരണമേതുമില്ലാത്ത പ്രവൃത്തിയിൽ പ്രതിഷേധിക്കാൻ തയാറായില്ലെന്നു മാത്രമല്ല ആ രാഷ്ട്രത്തിന്റെ ധാർഷ്ട്യത്തിനു മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കാനാണ് നമ്മുടെ ഭരണാധിപന്മാർ ഉത്സാഹം കാണിച്ചത്.

അനഭിലഷണീയവും അപകടകരവുമായ രണ്ടു വസ്തുതകളാണ് ഈ സംഭവങ്ങളുടെ പിന്നിലുള്ളത്. അതിലൊന്ന് അമേരിക്കയുടെ ഏത് പ്രവൃത്തിയും അതെത്രമാത്രം യുക്തിരഹിതമോ അപഹാസ്യമോ ആയാൽ കൂടി കണ്ണുമടച്ച് അനുസരിക്കുന്ന തികഞ്ഞ അടിമത്തം നിറഞ്ഞ മനോഭാവം ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായ നമ്മുടെ ഭാരതത്തിന്റെ ഭരണാധികാരികൾ ഏറെകാലമായി വെച്ചുപുലർത്തുന്നു എന്നതാണ്. മഹത്തായ ഒരു ഭരണഘടനയാണ് നമുക്കുള്ളത്. അതാകട്ടെ മറ്റേതൊരു രാജ്യത്തിന്റെ മുന്നിലും തലയുയർത്തി നിൽക്കാൻ നമ്മെ പ്രാപ്തരാക്കുന്നതുമാണ്. എന്നാൽ നമ്മുടെ ഭരണാധികാരികളുടെ നട്ടെല്ലില്ലായ്മ കൊണ്ടുമാത്രം ആ ഭരണഘടനയുടെ അന്തസ്സത്ത നിരന്തരം തകർക്കപ്പെടുകയാണ്. ആത്മാഭിമാനമുള്ള ഏതൊരു പൗരനെയും നാണിപ്പിക്കുന്ന കാര്യമാണിത്. ആർജവം നഷ്ടപ്പെട്ട ഭരണാധികാരികളുടെ കൈയിലകപ്പെട്ട ഒരു രാഷ്ട്രത്തിന്റെ നിസ്സഹായതയാണ് ഈ സംഭവങ്ങളിലൂടെ വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്.

മുസ്‌ലിം സമുദായത്തോട് പാശ്ചാത്യലോകം വെച്ചുപുലർത്തുന്ന വെറുപ്പും വിദ്വേഷവുമാണ് മറ്റൊരു കാര്യം. ഇസ്‌ലാമോഫോബിയ എന്നറിയപ്പെടുന്ന ഈ മനോഭാവം അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ തുടർന്നാണ് ശക്തമായത്. ഇസ്‌ലാം എന്ന പദം ലോകമെമ്പാടുമുള്ള ഭീകരതയുടെയും ചിഹ്നമാക്കി മാറ്റുന്നതിനുള്ള സംഘടിതമായ നീക്കങ്ങളാണ് ഇതിന്റെ പിന്നിൽ നടക്കുന്നത്. മുസ്‌ലിം സമുദാ

യത്തിലുള്ളവർ മുഴുവനും ഭീകരവാദികളാണെന്നും അവരെയെല്ലാം കൊന്നുതള്ളിയാൽ മാത്രമേ മറ്റു സമുദായങ്ങൾക്ക് ഈ ഭൂമിയിൽ സമാധാനത്തോടെ ജീവിക്കാൻ കഴിയൂ എന്നുമുള്ള അങ്ങേയറ്റം അപകടകരമായ ഒരു പ്രചാരണമാണ് വിവിധ മതസംഘടനകളും അവയുടെ തലപ്പത്തിരിക്കുന്നവരുടെയും അനുഗ്രഹാശിസുകളോടെ ഭരണത്തിലേറിയവരും നിരന്തരം നടത്തിക്കൊണ്ടിരിക്കുന്നത്. പാശ്ചാത്യലോകത്ത് ക്രൈസ്തവർക്കിടയിലാണെങ്കിൽ ഇന്ത്യയിൽ ഹൈന്ദവവിശ്വാസികൾക്കിടയിലാണ് ഈ പ്രചാരണം നടക്കുന്നത്. ഭാരതത്തിലെ മൊത്തം ഹിന്ദുക്കളുടെ അഞ്ചു ശതമാനത്തിന്റെ പോലും പിന്തുണയില്ലാത്തവരാണ് ഹിന്ദുമത സംരക്ഷകരെന്ന പേരിൽ ഈ പ്രചാരണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നത്. ഭീകരതക്കെതിരെ എന്ന പേരിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന മുസ്‌ലിംവേട്ട മതപരിവർത്തനത്തിനെതിരെ എന്ന പേരിൽ ക്രിസ്ത്യൻ വേട്ടയിലേക്കും വ്യാപിച്ചിരിക്കുന്നതിന്റെ തെളിവാണ് സമീപകാല ഒറീസ, കർണാടക സംഭവങ്ങൾ.

ഭീകരവാദം ഒരു പ്രത്യേക മതത്തിന്റെ മാത്രം സന്തതിയല്ല. അതിന്റെ അലയടികൾ ഏറിയും കുറഞ്ഞും എല്ലാ സമുദായങ്ങളിലുമുണ്ട്. അസംതൃപ്തിയും അസഹിഷ്ണുതയുമാണ് ഭീകരവാദത്തിന് ജന്മം നൽകുന്നത്. പരമാവധി നിരപാരാധികളെ കൊന്നൊടുക്കി ലോകത്ത് അശാന്തിയുടെയും അരാജകതത്വത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയെന്നതാണ് അവരുടെ മുഖ്യ അജണ്ട. ഇസ്‌ലാമിക തീവ്രവാദത്തിന് ലോകത്തിൽ ഏറ്റവുമധികം ഇരയായിട്ടുള്ളത് മുസ്‌ലിംകൾ തന്നെയാണെന്ന സത്യം തീവ്രവാദത്തെ സംബന്ധിച്ച ഏതൊരു നിഷ്പക്ഷ അന്വേഷണവും വെളിപ്പെടുത്തുന്നുണ്ട്. സ്വന്തം സമുദായാംഗമല്ലാത്തവരെ തെരഞ്ഞുടുപിടിച്ച് കൊല്ലുകയെന്ന നയം ഒരു ഭീകരവാദസംഘത്തിനുമില്ല. അങ്ങനെ നോക്കുമ്പോൾ പരിഷ്കൃതരെന്നും ദേശസ്നേഹികളെന്നും പറയുന്നവർ നടത്തുന്ന മനുഷ്യക്കുരുതികൾ ഏത് തീവ്രവാദ പ്രവർത്തനങ്ങളെക്കാളും ക്രൂരവും ഭയാനകവുമാണെന്ന് കാണാനാകും. ഗുജറാത്തിൽ കർസേവകർ സഞ്ചരിച്ച തീവണ്ടി ബോഗി അഗ്നിക്കിരയാക്കിയതിന്റെ പ്രതികാരമായി നടത്തിയ ക്രൂരമായ മുസ്‌ലിംവേട്ടയും ഒറീസ്സയിൽ ഒരു സ്വാമി- ഒട്ടേറെ കൊലപാതകങ്ങൾക്കും തട്ടിക്കൊണ്ടുപോകലുകൾക്കും നേതൃത്വം നൽകിയ ആസാമിയാണിത്- കൊല്ലപ്പെട്ടതിനെ തുടർന്നുണ്ടായ ക്രിസ്ത്യൻ വേട്ടയും ലോകത്തിന്നോളമുണ്ടായിട്ടുള്ള ഏതൊരു കൊടും ഭീകരനെക്കാളും ഭയങ്കരമാണ് സംഘ്പരിവാർ ശക്തികൾ എന്ന സത്യം വിളിച്ചു പറയുന്നുണ്ട്. ഇറാഖിലെയും അഫ്ഗാനിസ്താനിലെയും ലക്ഷക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കിയ അമേരിക്കയും, മധ്യേഷ്യയിൽ സമാധാനം സ്ഥാപിക്കാനെന്ന വ്യാജേന പിഞ്ചുകുട്ടികളടക്കമുള്ള ആയിരക്കണക്കിന് ജനതയെ ബോംബിട്ടു കൊല്ലുന്ന ഇസ്രയേലും മനുഷ്യനെയും മനുഷ്യത്വത്തെയും വിലമതിക്കുന്നവരുടെ മുന്നിൽ തീവ്രവാദികൾ തന്നെ.

ഭീകരവാദത്തെയും വംശീയ പ്രശ്നങ്ങളെയും തങ്ങളുടെ നിലനിൽപിന്റെ അനിവാര്യതയിലേക്ക് വിദഗ്ധമായി സന്നിവേശിപ്പിച്ച ചിത്രമാണ് നമ്മുടെ പല ഭരണകൂടങ്ങൾക്കുമുള്ളത്. അതുകൊണ്ട് തന്നെ ഒരു കൈകൊണ്ട് ഭീകരവാദത്തെ തള്ളിപ്പറയുമ്പോൾ മറ്റേ കൈകൊണ്ട് അവരതിനെ തഴുകി വളർത്തുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഭീകരവാദത്തെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണവും പിന്തുണയും തേടുന്നതിനു പകരം സമുദായങ്ങളെ പരസ്പരം ഭിന്നിപ്പിച്ച് അതിൽനിന്നും നേട്ടമുണ്ടാക്കാൻ ഭരണകർത്താക്കൾ ശ്രമിക്കുന്നത്. നിലനിൽപിനു വേണ്ടി എന്തു നാണംകെട്ട കളികളും കളിക്കാൻ തുനിഞ്ഞിറങ്ങുന്ന അവർക്കാർക്കും ഈ വിഷയത്തിൽ ശാശ്വതമായ ഒരു പരിഹാരത്തിന് യാതൊരു താൽപര്യവുമില്ല. ഭരണകൂടങ്ങളുടെ ഈ കുത്സിത നീക്കം പക്ഷേ ജനസമൂഹങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ഇന്ന് ഇസ്‌ലാമിനെ തമസ്കരിക്കുമ്പോൾ നാളെ തങ്ങളും തമസ്കരിക്കപ്പെടുമെന്ന് എല്ലാവരും ഓർക്കണം. അല്ലെങ്കിൽ ഭൂമുഖത്തുനിന്നുള്ള മനുഷ്യരാശിയുടെ തിരോധാനത്തിന് ഇതിനേക്കാൾ വേഗമേറിയ ഒരവസ്ഥാ വിശേഷം വേറെയുണ്ടാവില്ല. പാസ്റ്റർ നിമോഇറുടെ പ്രശസ്തമായ കവിതാ ശകലം ഈയൊരു മുന്നറിയിപ്പാണ് നൽകുന്നത്.

"ആദ്യമായി ഫാഷിസ്റ്റുകൾ വന്നത്
ജൂതന്മാർക്കു നേരെയാണ്.
അപ്പോൾ ഞാനൊന്നും മിണ്ടിയില്ല,
കാരണം ഞാനൊരു ജൂതനല്ലായിരുന്നു.
പിന്നീടവർ കത്തോലിക്കർക്കുനേരെ വന്നു.
അപ്പോഴും ഞാനൊന്നും മിണ്ടിയില്ല,
കാരണം ഞാനൊരു കത്തോലിക്കനായിരുന്നില്ല.
അവർ കമ്യൂണിസ്റ്റുകാർക്കു നേരെ വന്നപ്പോഴും
ഞാനൊന്നും മിണ്ടിയില്ല,
കാരണം ഞാനൊരു കമ്യൂണിസ്റ്റേ ആയിരുന്നില്ല.
അവസാനം അവർ എനിക്കു നേരെ വന്നപ്പോൾ
എനിക്കു വേണ്ടി സംസാരിക്കാൻ
ആരും അവശേഷിച്ചിരുന്നില്ല...." ■

**(*യുക്തിരേഖ* 2009 ഫെബ്രുവരി-മാർച്ച്)**